

# ഖുർആൻ ബോധനം



എ.വൈ.ആർ

സൂറ-16

# അന്നഹ്ൽ

وَأَقْسَمُوا۟ بِٱللَّهِ جَهْدَ أَيْمَـٰنِهِمْ ۙ لَا يَبْعَثُ ٱللَّهُ مَن يَمُوتُ ۚ بَلَىٰ وَعْدًا عَلَيْهِ حَقًّا وَلَـٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿٣٨﴾

لِيُبَيِّنَ لَهُمُ ٱلَّذِى يَخْتَلِفُونَ فِيهِ وَلِيَعْلَمَ ٱلَّذِينَ كَفَرُوٓا۟ أَنَّهُمْ كَانُوا۟ كَـٰذِبِينَ ﴿٣٩﴾

إِنَّمَا قَوْلُنَا لِشَىْءٍ إِذَآ أَرَدْنَـٰهُ أَن نَّقُولَ لَهُۥ كُن فَيَكُونُ ﴿٤٠﴾

وَٱلَّذِينَ هَاجَرُوا۟ فِى ٱللَّهِ مِنۢ بَعْدِ مَا ظُلِمُوا۟ لَنُبَوِّئَنَّهُمْ فِى ٱلدُّنْيَا حَسَنَةً ۖ وَلَأَجْرُ ٱلْـَٔاخِرَةِ أَكْبَرُ ۚ لَوْ كَانُوا۟ يَعْلَمُونَ ﴿٤١﴾

ٱلَّذِينَ صَبَرُوا۟ وَعَلَىٰ رَبِّهِمْ يَتَوَكَّلُونَ ﴿٤٢﴾

**38.** ഇക്കൂട്ടർ അല്ലാഹുവിന്റെ പേരിൽ ഉറപ്പായാണയിടുന്നു; മരിച്ചു പോകുന്നവരെ അല്ലാഹു ഉയിർത്തെഴുന്നേൽപിക്കുകയില്ലെന്ന്. സത്യം അതല്ല; മരിച്ചവരെ അവൻ ഉയിർത്തെഴുന്നേൽപിക്കുമെന്നതാകുന്നു ഉറപ്പായ കാര്യം. അവൻ പാലിക്കാൻ ബാധ്യസ്ഥമായ വാഗ്ദത്തമാണത്. പക്ഷേ, അധിക മനുഷ്യരും അറിയുന്നില്ല.
**39.** പരസ്പരം ഭിന്നിച്ചിരുന്ന വിഷയങ്ങളുടെ യാഥാർഥ്യം അവർക്ക് വെളിപ്പെടുത്തിക്കൊടുക്കാനും തങ്ങൾ തന്നെയായിരുന്നു കള്ളം പറഞ്ഞിരുന്നതെന്ന് സത്യനിഷേധികൾ മനസ്സിലാക്കാനും ഉയിർത്തെഴുന്നേൽപ് അനിവാര്യമാകുന്നു.
**40.** അതിന്റെ സംഭാവ്യതയോ, നാം ഒരു കാര്യം സംഭവിക്കണമെന്നുദ്ദേശിച്ചാൽ അതു സംഭവിക്കട്ടെ എന്നു കൽപിക്കുകയേ വേണ്ടൂ, ഉടനെ അതു സംഭവിക്കുന്നു.
**41.** അല്ലാഹുവിന്റെ മാർഗത്തിൽ മർദനമനുഭവിച്ചശേഷം നാടും വീടും ത്യജിച്ച് പലായനം ചെയ്തവരുണ്ടല്ലോ, അവർക്ക് ഇഹലോകത്തു തന്നെ നാം നന്മകൾ ഒരുക്കിക്കൊടുക്കുന്നതാകുന്നു. എന്നാൽ പാരത്രിക പ്രതിഫലമാകുന്നു ഏറ്റം മഹത്തരമായിട്ടുള്ളത്- എത്ര വിശിഷ്ടമായ പരിണതിയാണ് ആ മർദിതരെ കാത്തിരിക്കുന്നതെന്ന് അവർ അറിഞ്ഞിരുന്നുവെങ്കിൽ!
**42.** സഹനമവലംബിച്ചവരും തങ്ങളുടെ വിധാതാവിൽ സർവവും സമർപ്പിക്കുന്നവരുമാണവർ.

وَأَقْسَمُوا۟ بِٱللَّهِ= അവർ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തു(ആണയിട്ടു) جَهْدَ أَيْمَـٰنِهِمْ= അവരുടെ ഉറച്ച സത്യങ്ങൾ(ഉറപ്പായി)
لَا يَبْعَثُ ٱللَّهُ= അല്ലാഹു ഉയിർത്തെഴുന്നേൽപിക്കുകയില്ല مَن يَمُوتُ= മരിച്ചുപോകുന്നവരെ
بَلَىٰ= അല്ല(സത്യം അതല്ല; മരിച്ചവരെ അവൻ ഉയിർത്തെഴുന്നേൽപിക്കുമെന്നതാകുന്നു ഉറപ്പായ കാര്യം)
وَعْدًا= വാഗ്ദാനമാ(ണത്)യനിലയിൽ عَلَيْهِ حَقًّا= അവന്റെ മേൽ ബാധ്യതയായ(അവൻ പാലിക്കാൻ ബാധ്യസ്ഥമായ)
وَلَـٰكِنَّ= പക്ഷേ أَكْثَرَ ٱلنَّاسِ= അധികജനവും لَا يَعْلَمُونَ= അറിയുന്നില്ല لِيُبَيِّنَ لَهُمُ= അവർക്കു വെളിപ്പെടുത്തിക്കൊടുക്കാനും

എന്തിലാണോ അവർ ഭിന്നിച്ചിരിക്കുന്നത് അത്(പരസ്പരം ഭിന്നിച്ചിരുന്ന വിഷയങ്ങളുടെ യാഥാർഥ്യം) =ٱلَّذِى يَخۡتَلِفُونَ فِيهِ
സത്യത്തെ നിഷേധിച്ചവർ അറിയാനും(മനസ്സിലാക്കാനും ഉയിർത്തെഴുന്നേൽപ് അനിവാര്യമാകുന്നു) =وَلِيَعۡلَمَ ٱلَّذِينَ كَفَرُوٓاْ
കള്ളം പറയുന്നവർ(എന്ന്) =كَٰذِبِينَ എന്തെന്നാൽ അവർ തന്നെയായിരുന്നു =أَنَّهُمۡ كَانُواْ
ഒരു വസ്തുവിന്ന്(കാര്യം) =لِشَيۡءٍ (അതിന്റെ സംഭാവ്യതയോ) നമ്മുടെ വചനം =إِنَّمَا قَوۡلُنَا
നാം അതിനോട് പറയൽ(മാത്രമാകുന്നു) =أَن نَّقُولَ لَهُۥ നാം അത്(സംഭവിക്കണമെന്ന്) ഉദ്ദേശിച്ചാൽ =إِذَآ أَرَدۡنَٰهُ
അപ്പോൾ അത് ഉണ്ടാകുന്നു(ഉടനെ അത് സംഭവിക്കുന്നു) =فَيَكُونُ ഉണ്ടാവുക(ഭവിക്കട്ടെ എന്ന്) =كُن
അല്ലാഹുവി(ന്റെ മാർഗത്തി)ൽ =فِي ٱللَّهِ ഹിജ്റ ചെയ്തവർ(നാടും വീടും ത്യജിച്ച് പലായനം ചെയ്തവർ) =وَٱلَّذِينَ هَاجَرُواْ
തീർച്ചയായും നാം അവർക്ക് ഒരുക്കിക്കൊടുക്കും =لَنُبَوِّئَنَّهُمۡ അവർ അക്രമിക്കപ്പെട്ട(മർദനമനുഭവിച്ച) ശേഷം =مِنۢ بَعۡدِ مَا ظُلِمُواْ
(എന്നാൽ) പാരത്രിക പ്രതിഫലം തന്നെയാകുന്നു =وَلَأَجۡرُ ٱلۡأٓخِرَةِ നന്മ(മെച്ചമായ പാർപ്പിടം) =حَسَنَةً ഈ ലോകത്തു(തന്നെ) =فِي ٱلدُّنۡيَا
ഏറ്റവും വലുത്(മഹത്തരമായിട്ടുള്ളത്) =أَكۡبَرُۚ
(എത്ര വിശിഷ്ടമായ പരിണതിയാണ് തങ്ങളെ കാത്തിരിക്കുന്നതെന്ന് ആ മർദിതർ)അവർ അറിഞ്ഞിരുന്നുവെങ്കിൽ =لَوۡ كَانُواْ يَعۡلَمُونَ
തങ്ങളുടെ വിധാതാവിന്റെ മേൽ =وَعَلَىٰ رَبِّهِمۡ സഹനമവലംബിച്ചവർ =ٱلَّذِينَ صَبَرُواْ
അവർ ഭരമേൽപിക്കുകയും ചെയ്യുന്ന(സർവവും സമർപ്പിക്കുന്നവരാണവർ) =يَتَوَكَّلُونَ

**38,39.** പ്രബോധകൻ എത്രതന്നെ ശ്രമിച്ചാലും സത്യവിശ്വാസം കൈക്കൊള്ളാൻ കൂട്ടാക്കാത്ത ഗർവിഷ്ഠരുടെ ലക്ഷണവും കാരണവുമാണ് ഈ സൂക്തം പരാമർശിക്കുന്നത്. അവിശ്വാസികൾ ഉന്നയിച്ചിരുന്ന നാലാമത്തെ വിമർശനമായിരുന്നു മരണാനന്തര ജീവിതത്തിന്റെ നിഷേധം. മരണത്തോടെ എല്ലാം അവസാനിക്കും, അതിനാൽ മരണം വരെ ആഹ്ലാദിച്ചാനന്ദിച്ചു ജീവിക്കണം. സ്വന്തം അഭിനിവേശങ്ങളും ആസക്തികളും നിയന്ത്രിക്കേണ്ടി വരുന്ന യാതൊന്നും അംഗീകരിക്കാൻ അവർ തയാറല്ല. വിശ്വാസികൾ പരലോകത്തെക്കുറിച്ചു സംസാരിക്കുമ്പോൾ അങ്ങനെയൊരു പരലോകമോ പുനരുത്ഥാനമോ ഇല്ലെന്ന് അവർ സങ്കോചലേശമെന്യേ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തു പറയുന്നു. وَأَقۡسَمُواْ بِٱللَّهِ جَهۡدَ أَيۡمَٰنِهِمۡ- എന്നാണ് മൂലവാക്യം. قسم-സത്യം-ൽ നിന്നുള്ള ക്രിയയാണ് -أَقۡسَمُواْ. ഭാഷയിൽ قسمന്റെ പര്യായമാണ് يمين. അതിന്റെ ബഹുവചനം ايمان. കാഠിന്യവും ക്ലിഷ്ടതയുമാണ് جَهۡدَ. ജിഹാദ്, മുജാഹദത്ത്, ഇജ്തിഹാദ് തുടങ്ങിയ പദങ്ങൾ ഇതിൽനിന്നുത്ഭവിച്ചതാണ്. മനുഷ്യ പ്രയത്നത്തിന് جهد എന്നുപറയും. ക്ലേശകരമായ അധ്വാനവും സമരവുമാണ് ജിഹാദ്. ആത്മനിയന്ത്രണം കൈവരിക്കാനുള്ള പ്രയത്നം مجاهدة. ഒരുകാര്യം ഗ്രഹിക്കുന്നതിനു വേണ്ടി നടത്തുന്ന പഠനമനനങ്ങളും ഗവേഷണവും ഇജ്തിഹാദ്. ഇതിലെല്ലാം പൊതുവായിട്ടുള്ള പ്രയത്നവും ദൃഢതയുമാണ്. ഈ ആശയങ്ങളെ ആസ്പദമാക്കി ഊന്നിയുറപ്പിച്ച സത്യം, ദൃഢപ്രതിജ്ഞ എന്ന അർഥത്തിൽ രൂപം കൊണ്ട പ്രയോഗമാണ് جَهۡدَ أَيۡمَٰنِهِمۡ. ഇമാം റാഗിബ് ഈ വാക്കിന് അർഥം നൽകുന്നത്
واجتهدوا في الحلف ان يأتوا به على أبلغ ما في وسعهم (സത്യം ചെയ്യുമ്പോൾ അത് കഴിവിന്റെ പരമാവധി ഊന്നിയുറപ്പിച്ചവതരിപ്പിക്കാൻ യത്നിച്ചു) എന്നാണ്. പരലോക നിഷേധത്തിലുള്ള അവരുടെ അചഞ്ചലതയും ധാർഷ്ട്യവുമാണിത് ധ്വനിപ്പിക്കുന്നത്. ഒരു കാര്യത്തിന്റെ സത്യം തങ്ങൾ വിചാരിക്കുന്നതിനു വിപരീതമായും സംഭവിച്ചു കൂടെ എന്ന നേരിയൊരീശലെങ്കിലുമുള്ളവരെ മാത്രമേ സംവാദം കൊണ്ടും ഉപദേശ നിർദേശങ്ങൾകൊണ്ടും തിരുത്താനാവൂ. ഞാൻ വിചാരിക്കുന്നതിനപ്പുറം സംഭവിക്കുക അസംഭവ്യമാണെന്നു കരുതുന്നവരെ- അവരുടെ വിചാരം എത്ര ഭീമവും വ്യക്തവുമായ അബദ്ധമായാലും- ആരാലും തിരുത്താനാവില്ല.

പരലോകവും ഉയിർത്തെഴുന്നേൽപും ഉണ്ടാവില്ലെന്ന് അവിശ്വാസികൾ എത്ര ദൃഢമായി സത്യം ചെയ്താലും അതുണ്ടാവാതിരിക്കുകയില്ല. അനിവാര്യമായും അതുസംഭവിക്കുമെന്ന് പ്രപഞ്ച സ്രഷ്ടാവ് സൃഷ്ടികളോട് വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. തന്റെ വാഗ്ദാനം പാലിക്കേണ്ട ഉത്തരവാദിത്വം അവൻ തന്നെയാണ് ഏറ്റെടുത്തിട്ടുള്ളത്. അതിന് അവന് മറ്റാരുടെയും സമ്മതമോ സഹായമോ ആവശ്യമില്ല. പക്ഷേ, ലൗകിക മനുഷ്യന്റെ പ്രകൃതി ഒരു ഉയിർത്തെഴുന്നേൽപിനെ അനിവാര്യമാക്കുന്നു എന്ന സത്യം അധിക ജനങ്ങളും മനസ്സിലാക്കുന്നില്ല. പ്രവാചകന്റെ പ്രവചനത്തിൽ ചിന്തിച്ച് ആ യാഥാർഥ്യം മനസ്സിലാക്കുന്നതിനു പകരം അതിനെ കണ്ണടച്ചു നിഷേധിക്കുകയാണവർ. പ്രവാചകൻ ഇല്ലാത്ത പരലോകം പറഞ്ഞ് ആളുകളെ ഭയപ്പെടുത്തി വശത്താക്കാൻ ശ്രമിക്കുകയാണെന്ന് ആരോപിക്കുകയും ചെയ്യുന്നു.

നന്മയും തിന്മയും തമ്മിൽ, സത്യവും മിഥ്യയും തമ്മിൽ, നീതിയും അനീതിയും തമ്മിൽ, ധർമവും അധർമവും തമ്മിൽ, എല്ലാം ഉള്ള സംഘർഷവും സംഘട്ടനവും നിറഞ്ഞതാണ് മനുഷ്യന്റെ ഭൗതികജീവിതം. ചിലയാളുകൾ കഴിവിന്റെ പരമാവധി സത്യവും നന്മയും നീതിയും ധർമവുമനുഷ്ഠിക്കാൻ ശ്രമിക്കുന്നു. ചിലയാളുകൾ ആജീവനാന്തം പൊരുതുന്നത് അസത്യവും അനീതിയും സ്ഥാപിക്കാനും അധർമമനുഷ്ഠിക്കാനുമായിരിക്കും. ചിലയാളുകൾ അസത്യത്തെ സത്യമായി കരുതി അതിനുവേണ്ടി ജീവിക്കുന്നു. ചിലർ അറിഞ്ഞുകൊണ്ട് തന്നെ അസത്യത്തിലും അധർമത്തിലും വിഹരിക്കുന്നു. ചിലർ സത്യവും ധർമവും പാലിക്കുന്നതിന്റെ പേരിൽ പീഡനത്തിനിരയാകുന്നു. സത്യത്തെയും ധർമത്തെയും സംബന്ധിച്ച് ഭിന്ന വീക്ഷണങ്ങൾ പുലർത്തുകയും തർക്കിക്കുകയും ചെയ്തവർക്ക് സത്യം എന്താണെന്ന് ഒരുനാൾ പ്രത്യക്ഷ രൂപത്തിൽ വെളിപ്പെടേണ്ടതുണ്ട്. നന്മ പ്രവർത്തിച്ചവർക്ക് നന്മയുടെയും തിന്മ പ്രവർത്തിച്ചവർക്ക് തിന്മയുടെയും പ്രതിഫലം ലഭിക്കേണ്ടതു

മുണ്ട്. ഭൗതിക ലോകത്തിന്റെ പ്രകൃതിയിൽ ഇതൊന്നും പൂർണമായി സാക്ഷാത്കരിക്കപ്പെടുന്നില്ല. സത്യവും ധർമവും എന്നെങ്കിലുമൊരിക്കൽ പൂർണരൂപത്തിൽ സാക്ഷാത്കരിക്കപ്പെടുക എന്നത് നീതിയുടെ താൽപര്യവുമാകുന്നു. നന്മയും തിന്മയും, സത്യവും അസത്യവും വിരുദ്ധങ്ങളാണെങ്കിൽ അവയുടെ അനന്തര ഫലങ്ങളും വിരുദ്ധങ്ങളായേ പറ്റൂ. സൽകർമത്തിന്റെയും ദുഷ്കർമത്തിന്റെയും ആത്യന്തികഫലം ഒന്നാണെങ്കിൽ, ശിഷ്ടരും ദുഷ്ടരും തുല്യരാണെങ്കിൽ, സത്യം, ധർമം, നീതി തുടങ്ങിയ മൂല്യങ്ങളെല്ലാം നിരർഥകമാകുന്നു. സത്യം സാർഥകമാണെങ്കിൽ, അതിന്റെ അർഥം മൂർത്തമായി വെളിപ്പെടുന്ന, സത്യം പാലിച്ചവർക്ക് സൽഫലവും ലംഘിച്ചവർക്ക് ദുഷ്ഫലവും അനുഭവവേദ്യമാകുന്ന ഒരു സന്ദർഭം അനിവാര്യമായും ഉണ്ടാകേണ്ടതാണ്. ആ സന്ദർഭമാണ് ഉയിർത്തെഴുന്നേൽപും അനന്തരമുണ്ടാകുന്ന രക്ഷാശിക്ഷകളും. പ്രവാചകൻ മുന്നറിയിപ്പു നൽകുന്ന പരലോകം കള്ളമാണെന്ന് ഇന്ന് ആണയിട്ടു പറയുന്നവർക്ക് യഥാർഥത്തിൽ കള്ളം പറഞ്ഞിരുന്നത് തങ്ങൾ തന്നെയാണെന്ന് അന്ന് മനസ്സിലാവുകയും ചെയ്യും.

**40.** ഈ സൂക്തങ്ങളുടെ അവതരണ പശ്ചാത്തലം സംബന്ധിച്ച് അബുൽ ആലിയ പ്രസ്താവിച്ചതായി ഇബ്നു ജരീറും ഇബ്നു അബീഹാതിമും ഉദ്ധരിക്കുന്നു: മുസ്‌ലിംകളിൽ ഒരാൾക്ക് വിഗ്രഹാരാധകരിലൊരാളിൽനിന്ന് ഒരു കടം തിരിച്ചു കിട്ടേണ്ടതുണ്ടായിരുന്നു. മുസ്‌ലിം അതാവശ്യപ്പെട്ടുകൊണ്ട് അയാളെ സമീപിച്ചപ്പോൾ അവർ തമ്മിൽ സംസാരമായി. ഒടുവിൽ മുസ്‌ലിം പറഞ്ഞു: 'മരണാനന്തരം അതു ലഭിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.' വിഗ്രഹാരാധകന്റെ മറുപടി ഇതായിരുന്നു: മരണാനന്തരം ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്ന് നീ വാദിക്കുന്നു! തുടർന്ന് അയാൾ ഇങ്ങനെ ദൃഢമായി സത്യം: അല്ലാഹുവാണ, മരിച്ചുപോയവരെ അല്ലാഹു ഒരിക്കലും ഉയിർത്തെഴുന്നേൽപിക്കുകയില്ല. ഈ സന്ദർഭത്തിൽ وَأَقْسَمُواْ بِٱللَّهِ...... എന്ന സൂക്തം അവതരിച്ചു. അല്ലാഹുവിനെ പിടിച്ചാണയിട്ടു കൊണ്ടുള്ള പരലോകനിഷേധം ആ കാലത്ത് അക്ഷരാർഥത്തിൽ തന്നെ നടക്കാറുണ്ടായിരുന്നുവെന്നാണിതിൽനിന്നു വ്യക്തമാകുന്നത്.

മരിച്ചു മണ്ണായിപ്പോയ കോടാനുകോടി മനുഷ്യരെല്ലാം പിന്നെയും ജീവിച്ച് ഉയിർത്തെഴുന്നേൽപിക്കപ്പെടുക തീർത്തും അസംഭവ്യമാണെന്ന് അവർ വാദിക്കുന്നു. പദാർഥ ലോകത്തിന്റെ ഗോചരമായ കാര്യകാരണ സ്വഭാവം മാത്രം മനസ്സിലാക്കി അതിന്റെ അടിസ്ഥാനത്തിൽ വിധികൽപിക്കുകയാണവർ. പദാർഥങ്ങളെയും അതിന്റെ കാര്യകാരണ വ്യവസ്ഥകളെയും ആവിഷ്കരിച്ചവനാണ് അല്ലാഹു. താൻ സൃഷ്ടിച്ച പദാർഥ നിയമങ്ങൾക്കതീതനാണവൻ. ഉദ്ദേശിക്കുന്നത് സൃഷ്ടിക്കാനും സംഹരിക്കാനും അവന് പദാർഥ വ്യവസ്ഥയുടെ ആനുകൂല്യം ആവശ്യമില്ല. അവൻ ഒരു കാര്യം ഉദ്ദേശിച്ചാൽ, അതു ഉണ്ടാകട്ടെ എന്നുത്തരവിടുകയേ വേണ്ടൂ. ഉടനെ അതു സംഭവിച്ചുകൊള്ളും. അവന്റെ 'ഭവിക്കട്ടെ' എന്ന ഉത്തരവിനാലാണ് മണ്ണും വിണ്ണും മനുഷ്യനും തിര്യക്കുകളുമെല്ലാം സൃഷ്ടിക്കപ്പെട്ടത്. ആ അല്ലാഹുവിന്ന് താൻ ഒരിക്കൽ സൃഷ്ടിച്ച് മണ്ണാക്കി മാറ്റിയ മനുഷ്യനെ വീണ്ടും മനുഷ്യനായി പുനർജീവിപ്പിക്കാൻ യാതൊരു പ്രയാസവുമില്ല; അങ്ങനെ സംഭവിക്കട്ടെ എന്ന് ഉത്തരവിടുക മാത്രമേ വേണ്ടൂ.

**41,42.** ഈ സൂക്തങ്ങളും പരലോകത്തിന്റെയും ഉയിർത്തെഴുന്നേൽപിന്റെയും അനിവാര്യതയുടെ വിശദീകരണത്തിൽ പെടുന്നു. അല്ലാഹുവിന്റെ പേരിൽ- അതായത് സത്യവിശ്വാസം കൈക്കൊണ്ടതിന്റെയും ധർമങ്ങളനുഷ്ഠിച്ചതിന്റെയും പേരിൽ, ജന്മദേശത്തുനിന്ന് ആട്ടിയോടിക്കപ്പെടുന്നവരും, മർദനപീഡനങ്ങൾ സഹിക്കാനാവാതെ നാടും വീടും വെടിഞ്ഞ് പലായനം ചെയ്യുന്നവരും ലോകത്ത് ധാരാളം ഉണ്ടല്ലോ. അത്തരക്കാർക്കെല്ലാം നീതി ലഭിക്കേണ്ടതുണ്ട്. സത്യത്തിനും നീതിക്കും വേണ്ടിനാടുവിടേണ്ടി വരുന്നവർക്ക് അല്ലാഹു ഈ ലോകത്തു തന്നെ മെച്ചമായ സങ്കേതങ്ങൾ ഒരുക്കിക്കൊടുക്കും. لَنُبَوِّئَنَّهُمْ فِى ٱلدُّنْيَا حَسَنَةً എന്നാണ് മൂലവാക്യം.

بوّء ക്ക് താമസിപ്പിച്ചു എന്നും ഒരുക്കിക്കൊടുത്തു, സൗകര്യപ്പെടുത്തി എന്നും അർഥമുണ്ട്. അല്ലാഹുവിന്റെ പേരിൽ നാടും വീടും വെടിയുന്നവർക്ക് നന്മ ഒരുക്കിക്കൊടുക്കും എന്നാണ് വാക്കർഥം. ഈ നന്മ കൊണ്ടുദ്ദേശ്യം നല്ല പാർപ്പിടം ആണെന്ന് ചില പണ്ഡിതന്മാർ വ്യാഖ്യാനിച്ചിട്ടുണ്ട്. മറ്റു ചിലർ നല്ല ജീവിതവിഭങ്ങൾ -رزقا حسنة- ആണുദ്ദേശ്യമെന്നും പറയുന്നു. അതിൽ മെച്ചപ്പെട്ട പാർപ്പിടവും ഉൾപ്പെടും. ഈ ലോകത്ത് ലഭിക്കുന്ന അഭയവും വിഭവവും അവരുടെ ത്യാഗത്തിന്റെയും പരിശ്രമത്തിന്റെയും പൂർണമായ പ്രതിഫലം ആകുന്നില്ല. സമ്പൂർണവും സമുൽകൃഷ്ടവുമായ പ്രതിഫലം ലഭിക്കുക പരലോകത്താണ്. لَوْ كَانُواْ يَعْلَمُونَ- എന്നതിലെ അറിയുക എന്ന ക്രിയയുടെ കർമം അല്ലാഹുവിനു വേണ്ടി മർദ്ദനമനുഭവിക്കേണ്ടി വന്നവരുടെ വിശിഷ്ടമായ, പരിണിതിയാണെന്നതിൽ തർക്കമില്ല. എന്നാൽ يَعْلَمُونَലെ 'അവർ' സൂചിപ്പിക്കുന്നത് മർദിതരെയാണെന്നും മർദകരെയാണെന്നും രണ്ടഭിപ്രായമുണ്ട്. 'അവർ' മർദിതരാണെന്നു വെയ്ക്കുമ്പോൾ വചനസാരമിതാണ്: സത്യധർമങ്ങൾക്കുവേണ്ടി മർദനങ്ങളനുഭവിക്കുന്നവർ അതിന്റെ പേരിൽ തങ്ങൾക്കുണ്ടാവാൻ പോകുന്ന സൗഭാഗ്യങ്ങൾ ഇപ്പോൾ അറിയുന്നില്ല. അറിയുകയാണെങ്കിൽ തങ്ങളനുഭവിക്കേണ്ടിവന്ന ക്ലേശങ്ങളിൽ യാതൊരു ദുഃഖവും തോന്നുകയില്ല. അവർ മർദകരാണെന്നു വച്ചാൽ ആശയം ഇപ്രകാരമാകും: അല്ലാഹുവിന്റെ വാഗ്ദാനത്തിന്റെ ഗൗരവവും പാരത്രിക പ്രതിഫലത്തിന്റെ മഹത്വവും അറിഞ്ഞുകൂടാത്തവർ എന്തു വേണമെങ്കിലും കരുതിക്കൊള്ളട്ടെ. അതറിഞ്ഞിരുന്നുവെങ്കിൽ തങ്ങൾ ഈ ലോകത്ത് മഹാദൗർഭാഗ്യവാന്മാരായി കരുതുന്ന ഈ മർദിതർ ഇഹത്തിലും പരത്തിലും എത്ര വലിയ ഭാഗ്യവാന്മാരാണെന്നു മനസ്സിലാകുമായിരുന്നു. ഇതാണ് കൂടുതൽ യുക്തമായ വ്യാഖ്യാനമായി തോന്നുന്നത്.

ٱلَّذِينَ صَبَرُواْ......... എന്നവാക്യം യഥാർഥ മുഹാജിറുകൾ ആരാണെന്നു നിർവചിച്ചിരിക്കുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ നാനാവിധ മർദന പീഡനങ്ങൾ നേരിടേണ്ടി വന്നപ്പോൾ ഒട്ടും ചഞ്ചലരാവാതെ സ്വന്തം നിലപാടിൽ ഉറച്ചുനിന്നവരാണവർ. ഒടുവിൽ നാടും വീടും വെടിഞ്ഞു പലായനം ചെയ്യേണ്ടി വന്നപ്പോൾ തങ്ങളുടെ ഭാഗധേയം മുഴുവൻ അല്ലാഹുവിൽ ഭരമേൽപിച്ചുകൊണ്ട് അതിനും സന്നദ്ധരായി; എങ്ങോട്ടു

പോകും, എവിടെ താമസിക്കും, എങ്ങനെ ഉപജീവനം കണ്ടെത്തും തുടങ്ങിയ പ്രശ്നങ്ങളൊന്നും തടസമായില്ല.

ദീനിന്റെ സാങ്കേതിക ഭാഷയിലുള്ള ഹിജ്റയുടെ യാഥാർഥ്യവും ഈ സൂക്തങ്ങളിൽ നിന്നു സ്പഷ്ടമാകുന്നു. എല്ലാ നാടുവിടലിനെയും ഹിജ്റ എന്നുവിളിക്കാവതല്ല. ദൈവികദീനിന്റെ പേരിൽ അസഹ്യമായ മർദനങ്ങൾക്കിരയാവുകയും തന്റെ പ്രിയപ്പെട്ട ജന്മദേശത്തെയും ഉറ്റ ബന്ധുക്കളെയും വെടിഞ്ഞ് മറ്റൊരു നാട്ടിൽ ചെന്ന് താമസിക്കാൻ നിർബന്ധിതനാവുകയും ചെയ്തവനാണ് മുഹാജിർ. ഇവിടെ സഹനം കൊണ്ടു വിവക്ഷിക്കുന്നത് തന്റെ ശിരസ്സ് കൈവാളു കൊണ്ട് ഈർന്ന് പിളർന്നാലും തനിക്കു ലഭിച്ച സത്യദീനാകുന്ന അനുഗ്രഹം കൈവിടാൻ തയാറാവാതിരിക്കുകയാണ്. സാഹചര്യം എത്ര പ്രതികൂലമായാലും അല്ലാഹുതന്നെ കൈവെടിയുകയില്ലെന്നും അവന്റെ അനുഗ്രഹഹസ്തം തന്റെ കൂടെയുണ്ടാകുമെന്നും ഉള്ള ഉറച്ച വിശ്വാസമാണ് توكل. ഈ സ്വബ്റും തവക്കുലും- സഹനവും സമർപ്പണവുമാണ് മുഹാജിറിന്റെ കൈയിലുണ്ടാവേണ്ട ഏറ്റം വിലപ്പെട്ട പാഥേയം.

പ്രവാചകന്റെ മക്കാ ജീവിതകാലത്ത് ഉസ്മാൻ ബിൻ അഫ്ഫാൻ, അദ്ദേഹത്തിന്റെ ഭാര്യയും പ്രവാചക പുത്രിയുമായ റുഖിയ്യഃ, പ്രവാചകന്റെ പിതൃവ്യപുത്രൻ ജഅ്ഫർ ബിൻ അബീത്വാലിബ് അബൂസലമഃ തുടങ്ങിയ പ്രമുഖ സ്വഹാബികൾ ഉൾപ്പെട്ട എൺപതോളം പേർ അബ്സീനിയയിലേക്ക് ഹിജ്റ ചെയ്ത പശ്ചാത്തലത്തിലാണ് ഈ സൂക്തങ്ങൾ അവതരിച്ചതെന്ന് നിവേദനങ്ങളിൽനിന്നു വ്യക്തമാകുന്നു. പ്രവാചകന്റെ ഹിജ്റക്കു ശേഷം ഇവർ മദീനയിലേക്കു മാറി. അവിടെ അവർക്ക് തദ്ദേശീയർക്കു തുല്യം എല്ലാ സൗകര്യങ്ങളും ലഭിച്ചു. ഈ സംഭവം പ്രവചിച്ചതാണ് لَنُبَوِّئَنَّهُمْ فِى ٱلدُّنْيَا حَسَنَةً എന്നവാക്യം എന്നും വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. ■